# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.408

## 28-02-2017 ൽ മറുപടിക്ക്

**'കിഫ്ബി' യിൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുള്ള | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) 'കിഫ്ബി' യിൽ ഉൾപ്പെടുത്തി 2016 നവംബറിൽ അംഗീകാരം നൽകിയ 4004 (നാലായിരത്തി നാല്)കോടി രൂപയുടെ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | 7.11.2016 ൽ കൂടിയ ബോർഡിന്റെ 27 ാമത് യോഗം (ബോർഡ് പുന സംഘടിപ്പിച്ചതിനു ശേഷമുള്ള ആദ്യ ബോർഡ് യോഗം) 48 പദ്ധതികൾക്കായി 4004.86 കോടി രൂപയുടെ ധനസഹായത്തിനായി അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) കിഫ്ബിയിൽ പദ്ധതികൾ ഉൾപ്പെടുത്തുന്നതിന് പ്രധാനമായും കണക്കാക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ; | 2016-17 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന ധനസഹായത്തിനായി പരിഗണിക്കുന്നത്. ഇതു സംബന്ധിച്ച മാർഗരേഖ (08.08.2016 ലെ സ.ഉ.(കൈ)നം. 315/2016/ധന) കിഫ്ബിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിന്റെ വിവിധ ഘട്ടങ്ങൾ താഴെ പറയുംവിധമാണ്.<br>1) വകുപ്പുകൾ അവരുടെ കീഴിൽ വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് തിരിച്ചറിയുക എന്നതാണ് ആദ്യ നടപടി. തുടർന്ന്, ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള |

| | |
|---|---|
| | ഭരണാനുമതി അനിവാര്യമാണ്. 100 കോടി രൂപയ്ക്കു മുകളിൽ വരുന്ന പദ്ധതികൾക്കായിരിക്കും KIIFB മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽക്കുറയാത്ത അടങ്കലുള്ള, സമാന സ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് ആകെ 100 കോടിക്കു മുകളിൽ മതിപ്പ് തുക വരുന്ന പദ്ധതികളാക്കിയും പരിഗണിക്കുന്നതാണ്.<br>2) പദ്ധതി നിർവ്വഹണത്തിനായി വകുപ്പുകൾ SPV(സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) യെ നിയമിക്കുക എന്നതാണ് അടുത്ത നടപടി. പ്രത്യേക ഉദ്ദേശ ലക്ഷ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന താൽക്കാലിക സംരംഭങ്ങളോ സംവിധാനങ്ങളോ ആണ് SPV എന്നതുകൊണ്ടുദ്ദേശിക്കുന്നത്. വകുപ്പുകൾക്ക് നിലവിലുള്ള സർക്കാർ അംഗീകൃത എസ്.പി.വികളെ ഉപയോഗിക്കുകയോ പദ്ധതിയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ SPV യെ വിഭാവനം ചെയ്യുകയോ ചെയ്യാവുന്നതാണ്.<br>3) എസ്.പി.വികൾ പദ്ധതി നടത്തിപ്പിനായി ആവശ്യമെങ്കിൽ പുറമെനിന്നും വിദഗ്ധ ഉപദേഷ്ടാക്കളെ (Consultants) നിയമിക്കാവുന്നതാണ്. അതിനായി ഒരു Request for Proposal(RFP) തയ്യാറാക്കുക എന്നത് എസ്.പി.വികളുടെ ചുമതലയാണ്. ഇതു നടപ്പാക്കുന്നതിന് എസ്.പി.വികൾക്ക് പരിമിതികൾ നേരിടുന്നപക്ഷം KIIFB തയ്യാറാക്കിയിട്ടുള്ള General RFP മാതൃക അവലംബിക്കാവുന്നതാണ്. ഇ-ടെന്ററിംഗ് വഴിയുള്ള Consultant നിയമനം ഉറപ്പുവരുത്തേണ്ടതുമാണ്. ഇങ്ങനെ |

| | |
|---|---|
| | നിയമിക്കുന്ന Consultants ന്റെ സഹായത്തോടെ ഫീസിബിലിറ്റി സ്റ്റഡി, പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് (PPR), ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), ഫിനാൻഷ്യൽ പ്രൊപ്പോസൽ തുടങ്ങിയവ തയ്യാറാക്കുകയും KIIFB യിൽ സമർപ്പിക്കുകയുമാണ് അടുത്ത നടപടി.<br>4) ഇപ്രകാരം സ്വീകരിക്കുന്ന പദ്ധതികൾ KIIF ആക്റ്റിലെയും സ്കീമിലെയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പക്ഷം KIIFB ധനസഹായം നൽകുന്നതാണ്. മേൽ സൂചിപ്പിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം (എ) ആയി ചേർത്തിട്ടുണ്ട്. |
| (സി) ഈ വർഷം ഏതൊക്കെ മേഖലകളിൽ നിന്നുള്ള പദ്ധതികൾക്കാണ് മുൻഗണന നൽകുക; | 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് കിഫ്ബി മുഖേന നടപ്പിലാക്കുന്നത്. ഇത് ഒരു പ്രത്യേക മേഖലയെ മാത്രം ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. 08-08-2016 ലെ സ.ഉ (കൈ) നം.315/2016/ധന ഉത്തരവു പ്രകാരം കിഫ്ബിയുടെ വെബ് സൈറ്റിൽ ഭരണ വകുപ്പ് സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ സൂക്ഷ്മ പരിശോധനയ്ക്കു ശേഷം യോഗ്യമായവയെ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| (ഡി) ഈ വർഷം എത്ര തുക ഇതിനായി വിനിയോഗിക്കുമെന്നറിയിക്കാമോ; | അടുത്ത മാസം കൂടുന്ന കിഫ്ബോർഡിന്റെ 28 ാമത് ബോർഡ് യോഗത്തിന്റെ അംഗീകാരത്തിനു |

| | |
|---|---|
| (ഇ) ഈ വർഷത്തെ പദ്ധതികൾക്ക് എന്നത്തേക്ക് അംഗീകാരം നൽകാനാകും എന്ന് വെളിപ്പെടുത്താമോ; | സമർപ്പിക്കുന്നതിനായി ഭരണ വകുപ്പ് കിഫ് ബോർഡിന്റെ വെബ് സൈറ്റിൽ സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങളുടെ സൂക്ഷ്മ പരിശോധന നടന്നു വരുകയാണ്. ബോർഡ് അംഗീകാരത്തിനു ശേഷം മാത്രമേ ഈ വർഷം പദ്ധതികൾക്കായി വിനിയോഗിക്കുന്ന തുകയെ കുറിച്ചുള്ള വ്യക്തതയുണ്ടാകൂ. |
| (എഫ്) കഴിഞ്ഞ തവണ പരിഗണിക്കാത്ത മണ്ഡലങ്ങളിൽ നിന്നുള്ള പ്രവൃത്തികൾ ഇത്തവണത്തെ പദ്ധതിയിൽ പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക മണ്ഡലത്തേയോ, ജില്ലയേയോ മാത്രം ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. മേൽപ്പറഞ്ഞ പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെട്ട വിവിധ മേഖലകളിൽ നിന്നുള്ള പദ്ധതികളെ 08-08-2016 ലെ സ.ഉ (കൈ) നം.315/2016/ധന ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിധേയമായി യോഗ്യമായവയെ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

**സെക്ഷൻ ഓഫീസർ**